**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 24** **04-10-2021 - ൽ മറുപടിയ്ക്ക്**

**ശബരിമല വിമാനത്താവള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമല വിമാനത്താവള പദ്ധതിയുടെ സാധ്യത പഠനം നടത്തിയിട്ടുണ്ടോ; ആയതിന്റെ റിപ്പോർട്ട് പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയും സാധ്യതാപഠനം നടത്തുന്നതിനും സർക്കാർ കെഎസ്ഐഡിസിയെ ചുമതലപ്പെടു ത്തിയും ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കൺസൾട്ടന്റിനെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കൺസൾറ്റൻറ് സമർപ്പിച്ച പ്രാഥമിക ഫീസിബിലിറ്റി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ആരെയാണ് സാധ്യത പഠനത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയും സാധ്യതാപഠനം നടത്തുന്നതിനും സർക്കാർ കെഎസ്ഐഡിസിയെ ചുമതലപ്പെടു ത്തിയും ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കൺസൾട്ടന്റിനെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കൺസൾറ്റൻറ് സമർപ്പിച്ച പ്രാഥമിക ഫീസിബിലിറ്റി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത റിപ്പോർട്ട് കേന്ദ്ര വ്യോമയാന ഡയറക്ടറേറ്റിന് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ തുടർ പ്രവർത്തനം | (സി) | ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്ന് ലഭിച്ച അഭിപ്രായങ്ങൾക്കുള്ള |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | ആവശ്യമായ വിശദീകരണം കെ.എസ്.ഐ.ഡി.സി സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ വിശദമായ അവലോകനം നടത്തി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്. |
| (ഡി) | എരുമേലി ചെറുവള്ളി എസ്റ്റേറ്റിൽ വിമാനത്താവളം നിർമിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ഡി) | വിവിധ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സർക്കാർ നിയമിച്ച കമ്മിറ്റി നിർദ്ദേശിച്ച പ്രദേശങ്ങളിൽ ഏറ്റവും അനുയോജ്യമെന്ന് കണ്ടെത്തിയ ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മലയാളം പ്ലാൻറ്റേഷനെയാണ് വിമാനത്താവളം സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്തത്. നിർദ്ദിഷ്ട വിമാനത്താവളത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ